ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:19-07-2024**

## പ്രധാനവാർത്തകൾ

1. കർണാടകയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുൻ ഉൾപ്പെടെയുള്ളവർക്കായി തിരച്ചിൽ തുടരുന്നു. രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ കർണാടകാ മുഖ്യമന്ത്രിയ്ക്ക് കത്തയച്ചു.

2. വടക്കൻ കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. വയനാട്ടിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

3.മൈക്രോസോഫ്റ്റ് സാങ്കേതിക തകരാർ മൂലം ആഗോളതലത്തിൽ പ്രതിസന്ധി തുടരുന്നു. ബാങ്കിങ്, എയർലൈൻ സേവനങ്ങളെ തകരാർ സാരമായി ബാധിച്ചു.

4. സംസ്ഥാനത്ത് ഭക്ഷ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ നാലാഴ്ചയ്ക്കുള്ളിൽ ഹെൽത്ത് കാർഡ് എടുത്തില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

5. തദ്ദേശസ്വയംഭരണ വാർഡ് വിഭജനത്തിനായി രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷന്റെ ആദ്യ യോഗം തിരുവനന്തപുരത്ത് ചേർന്നു.

RNU TVPM

6) ഏഷ്യാ കപ്പ് വനിതാ ട്വൻറി- 20 ക്രിക്കറ്റിൽ ഇന്ത്യ അൽപസമയത്തിനകം പാകിസ്ഥാനെ നേരിടും.

****************************

## <u>കർണാടക തിരച്ചിൽ</u>

കർണാടകയിൽ മണ്ണിടിച്ചിൽ കാണാതായ കോഴിക്കോട് സ്വദേശി ലോറി ഡ്രൈവർ അർജുൻ ഉൾപ്പെടെയുള്ളവർക്കായി തിരച്ചിൽ തുടരുന്നു. മണ്ണ് മാന്തി യന്ത്രങ്ങൾ ഉപയോഗിച്ച് മണ്ണ് നീക്കിയുള്ള രക്ഷാപ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നത്. പ്രദേശത്തെ ദുഷ്കരമായ സാഹചര്യങ്ങൾ വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. നാവികസേനയിൽ നിന്നുള്ള മുങ്ങൽ വിദഗ്ധർ ഗംഗാവാലി നദിയിലിറങ്ങി നടത്തിയ പരിശോധനയിൽ അർജുൻറെ ലോറി നദിയിൽ വീണിട്ടില്ലെന്ന് സ്ഥിരീകരിച്ചിരുന്നു. ലോറി കണ്ടെത്തുന്നതിനായി മെറ്റൽ ഡിക്റ്റർ ഉൾപ്പെടെ ഉപയോഗിച്ച് പരിശോധന നടത്തും. ഷിരൂരിലെ ദേശീയപാതയിൽ ചൊവ്വാഴ്ചയാണ് വലിയരീതിയിലുള്ള മണ്ണിടിച്ചിലുണ്ടായത്. പ്രദേശത്ത് നിന്നും ഏഴ് മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നു. ദേശീയപാതയിൽ ലോറി ഡ്രൈവർമാർ സ്ഥിരമായി വിശ്രമിക്കാറുള്ളിടത്താണ് മണ്ണിടിച്ചിലുണ്ടായത്.

****************************

## <u>മുഖ്യമന്ത്രി - കർണാടക</u>

അർജുനെ കണ്ടെത്തുന്നതിനായി രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യക്ക് കത്തയച്ചു. അർജുൻറെ ലോറി കണ്ടെത്തുന്നതിനായി ഗ്രൗണ്ട് പെനട്രേറ്റിങ്ങ് റഡാർ സംവിധാനം ഉപയോഗിക്കണമെന്നും അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സംഭവത്തിൽ അടിയന്തര ഇടപെടൽ നടത്താൻ ചീഫ് സെക്രട്ടറിയ്ക്കും മുഖ്യമന്ത്രി നിർദ്ദേശം നൽകിയിരുന്നു. മണ്ണിടിച്ചിൽ നടന്ന സ്ഥലത്തേക്ക് കേരളത്തിൽ

RNUTVPM

നിന്നും വിദഗ്ദ്ധ പരിശീലനം ലഭിച്ച എൻഡിആർഎഫ് സംഘത്തെ അയക്കുമെന്ന് വനം മന്ത്രി എ.കെ ശശീന്ദ്രൻ അറിയിച്ചു.

***************************

## സുരേഷ് ഗോപി - കർണാടക

കർണാടകയിൽ അർജുൻ മണ്ണിനടിയിൽ കുടുങ്ങിയ സംഭവത്തിൽ തിരച്ചിൽ മുടങ്ങിയ കാര്യം അന്വേഷിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ദേശീയ ദുരന്ത നിവാരണ സേനയുടെ സേവനം ലഭ്യമാക്കേണ്ടതായിരുന്നുവെന്നും, എന്തുകൊണ്ട് അത് നടന്നില്ല എന്ന് പരിശോധിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

***************************

PNUTVPM

## മഴ ജാഗ്രത

കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ പ്രത്യേക ജാഗ്രത പാലിക്കണം.

***************************

## മഴ-കോഴിക്കോട്

വടക്കൻ കേരളത്തിൽ അതിശക്തമായി തുടർന്നിരുന്ന മഴയ്ക്ക് നേരിയ ശമനം. കോഴിക്കോട് കൊയിലാണ്ടി താലൂക്കുകളിലെ ഏഴ്

ക്യാംപുകളിലായി 118 പേരാണുള്ളത്. മഴയുടെ ശക്തി കുറഞ്ഞ സാഹചര്യത്തിൽ ഒരു ദുരിതാശ്വാസ ക്യാമ്പിൻറെ പ്രവർത്തനം അവസാനിപ്പിച്ചു. കക്കയം ഡാമിലെ ജലനിരപ്പ് വലിയ തോതിൽ ഉയരുന്നുണ്ട്. ജലനിരപ്പ് ഇനിയുമുയർന്നാൽ അധിക ജലം തുറന്നുവിടേണ്ട സാഹചര്യവും ഇവിടെ നിലനിൽക്കുന്നുണ്ട്.

****************************

## മഴ - കണ്ണൂർ

കണ്ണൂർ ജില്ലയിൽ ഇന്ന് മഴയ്ക്ക് ശമനമുണ്ടായി എങ്കിലും മഴക്കെടുതികൾ രൂക്ഷമാണ്. കണ്ണൂർ താലൂക്കിൽ മൂന്ന് ക്യാമ്പുകളിലായി എട്ട് കുടുംബങ്ങളിലെ 23 പേരാണ് കഴിയുന്നത്. കഴിഞ്ഞ ഒരാഴ്ചയായി സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയത് കണ്ണൂർ ജില്ലയിലാണ്. 505.6 മില്ലീ മീറ്റർ മഴയാണ് ജില്ലയിൽ രേഖപ്പെടുത്തിയത്.

RNU TVPM

****************************

## മഴ-വയനാട്(ഇൻട്രോ )

വയനാട്ടിൽ നാല് ദിവസമായി ശക്തമായി തുടരുന്ന മഴയ്ക്ക് ഇന്ന് രാവിലെ മുതൽ നേരിയ ശമനം അനുഭവപ്പെട്ടു . ജില്ലയിലെ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ നാളെ അവധി പ്രഖ്യാപിച്ചു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്....**

(വോയ്സ്)

****************************

## മഴ - കാസർഗോഡ്

കാസർഗോഡ് ജില്ലയിൽ അഞ്ച് ദിവസമായി പെയ്യുന്ന കനത്ത മഴ ഇന്നും തുടരുകയാണ്. കാര്യങ്കോട് പുഴയും തേജസ്വിനി പുഴയും കര കവിഞ്ഞ് ഒഴുകുന്നു.

****************************

## ഷട്ടറുകൾ ഉയർത്തും

തമിഴ്നാട്ടിൽ ആളിയാർ വൃഷ്ടിപ്രദേശത്ത് മഴ തുടരുന്നതിനാൽ മൂലത്തറ റെഗുലേറ്ററിൻറെ ഷട്ടറുകൾ കൂടുതൽ ഉയർത്തേണ്ടിവരുമെന്ന് അധികൃതർ അറിയിച്ചു. ചിറ്റൂർ പുഴയിൽ വെള്ളത്തിൻറെ അളവ് കൂടാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം

****************************

RNU TVPM

## കൗൺസിൽ യോഗം

ആമയിഴഞ്ചാൻ തോട് ശുചീകരിക്കുന്നതിനിടെ ജീവൻ നഷ്ടമായ ജോയിയുടെ കുടുംബത്തിന് വീട് വച്ച് നൽകാനുള്ള തീരുമാനം തിരുവനന്തപുരം നഗരസഭ കൗൺസിൽ യോഗം പാസാക്കി. ഒരു കോടി രൂപ ജോയിയുടെ അമ്മയ്ക്ക് നൽകണമെന്ന് റെയിൽവേയോട് ആവശ്യപ്പെടാനും യോഗം തീരുമാനിച്ചു.

****************************

## മൈക്രോസോഫ്റ്റ്

മൈക്രോസോഫ്റ്റിൻറെ ക്ലൗഡ് സിസ്റ്റത്തിലെ സാങ്കേതിക തകരാറിനെ തുടർന്ന് ആഗോളതലത്തിൽ വിവിധ സേവനങ്ങൾ തടസപ്പെട്ടു. ഇന്ത്യ, യുഎസ്, ജപ്പാൻ, ഓസ്ട്രേലിയ എന്നിവയുൾപ്പെടെ നിരവധി രാജ്യങ്ങളിലെ വിമാനസർവീസുകൾ , ബാങ്കിങ് മേഖല തുടങ്ങി വിവിധ സേവനങ്ങളെ ഇത് ബാധിച്ചിട്ടുണ്ട് . സ്കൈപ്പ്, ഓഫീസ് 265, ബിംഗ്, അസൂർ

എക്സ്ബോക്സ് എന്നിവയിലെല്ലാം തടസ്സം നേരിടുന്നുണ്ട് . ബ്ലൂ സ്ക്രീൻ ഓഫ് ഡെത്ത് എന്നറിയപ്പെടുന്ന സാങ്കേതിക തകരാർ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്ന് വരികയാണെന്ന് മൈക്രോസോഫ്റ്റ് വ്യക്തമാക്കി. ഇൻഡിഗോ, ആകാശ, സ്പൈസ്ജെറ്റ് വിമാന സർവീസുകളെയും രാജ്യത്തുടനീളം ഇത് സാരമായി ബാധിച്ചിട്ടുണ്ട്. മുംബൈ വിമാനത്താവളത്തിൻറെ പ്രവർത്തനത്തിലും സാങ്കേതിക തകരാർ പ്രതിസന്ധികൾ സൃഷ്ടിച്ചു. പ്രതിസന്ധി പരിഹരിക്കുന്നതിനായി മൈക്രോസോഫ്റ്റുമായി ബന്ധപ്പെട്ടതായി കേന്ദ്ര ഐ.ടി മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

****************************

## വിമാന സർവ്വീസുകൾ റദ്ദാക്കി

മൈക്രോ സോഫ്റ്റ് വിൻഡോസിൽ ഉണ്ടായ സാങ്കേതിക പ്രശ്നം കാരണം തിരുവനന്തപുരം വിമാന താവളത്തിലെ മൂന്ന് സർവീസുകൾ റദ്ദാക്കി. ഇൻഡിഗോ എയർലൈൻസിൻറെ വിമാന സർവീസുകൾ ആണ് റദ്ദാക്കിയത്.

RNUTVPM

തിരുവനന്തപുരം - ബംഗളൂരു, തിരുവനന്തപുരം - ഹൈദരാബാദ്, തിരുവനന്തപുരം - ചെന്നൈ എന്നിവയാണ് റദ്ദാക്കിയ സർവീസുകൾ.

****************************

## ഹെൽത്ത് കാർഡ്- വീണാ ജോർജ്

സംസ്ഥാനത്ത് ഭക്ഷ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ നാലാഴ്ചയ്ക്കുള്ളിൽ ഹെൽത്ത് കാർഡ് എടുത്തില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ ചില ജീവനക്കാർക്ക് ഹെൽത്ത് കാർഡില്ലെന്നും ചിലർ പുതുക്കിയിട്ടില്ലെന്നും കണ്ടെത്തിയതിനെത്തുടർന്നാണ് കർശന

നിർദേശം. പുതുതായി ജോലിക്ക് എത്തിയവർക്ക് ഹെൽത്ത് കാർഡിന് അപേക്ഷിക്കാനും കാലാവധി കഴിഞ്ഞവർക്ക് പുതുക്കാനുമുള്ള സാവകാശമാണ് ഈ നാല് ആഴ്ചയെന്നും മന്ത്രി വ്യക്തമാക്കി.

****************************

## തിരഞ്ഞെടുപ്പ് കമ്മീഷണർ

തദ്ദേശസ്വയംഭരണ വാർഡ് വിഭജനത്തിനായി സർക്കാർ രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷന്റെ ആദ്യ യോഗം ഇന്ന് ചേർന്നു. കമ്മീഷൻ ചെയർമാൻ കൂടിയായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. തദ്ദേശസ്വയംഭരണ വാർഡുകളുടെ പുനർവിഭജനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളുടെ കരട് യോഗം ചർച്ച ചെയ്തു.

****************************

## എൻ ഡി എ - നേതൃയോഗം

ലോക്സഭ തെരഞ്ഞെടുപ്പിന് ശേഷമുള്ള എൻഡിഎയുടെ ആദ്യ സംസ്ഥാനതല നേതൃയോഗം ഇന്ന് തൃശൂരിൽ നടന്നു. കേരളത്തിലെ എൻ ഡി എയുടെ മുന്നേറ്റം വിലയിരുത്തിയ യോഗം, വരുന്ന തെരഞ്ഞെടുപ്പുകൾക്കായുള്ള മുന്നണിയുടെ മുന്നൊരുക്കങ്ങളും ചർച്ച ചെയ്തു. തിരഞ്ഞെടുപ്പിൽ ജനവിശ്വാസം നേടിയെടുക്കാൻ എൻഡിഎക്ക് സാധിച്ചതായി ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പറഞ്ഞു. ഉപതെരഞ്ഞെടുപ്പുകൾക്കായി പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചതായും അദ്ദേഹം വ്യക്തമാക്കി. മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ, തുഷാർ വെള്ളാപ്പള്ളി, കുമ്മനം രാജശേഖരൻ തുടങ്ങിയ നേതാക്കളും യോഗത്തിൽ പങ്കെടുത്തു.

****************************

PNU TVPM

## കയറ്റുമതി വിലക്ക്

കടൽ ആമ സംരക്ഷണത്തിൻറെ പേരിൽ കടൽച്ചെമ്മീൻ കയറ്റുമതിക്ക് അമേരിക്ക ഏർപ്പെടുത്തിയ വിലക്കിന് പരിഹാരം കാണാൻ യോഗം വിളിച്ച് സംസ്ഥാന സർക്കാർ. മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, ബോട്ടുടമകൾ, കയറ്റുമതിക്കാർ എന്നിവരുടെ യോഗം ഈ മാസം 24 ന് ചേരുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ അറിയിച്ചു. സംരക്ഷിത ഇനത്തിൽപ്പെട്ട കടലാമകൾ വലയിൽ കുടുങ്ങുന്നുവെന്നാണ് ഉപരോധത്തിന് അമേരിക്ക ചൂണ്ടിക്കാട്ടുന്ന കാരണം. നിരോധനത്തിൻറെ പശ്ചാത്തലത്തിൽ കടൽചെമ്മീന് ആഭ്യന്തര വിപണിയിലെ വിലയിടിവ് തുടരുന്ന പശ്ചാത്തലത്തിലാണ് സർക്കാർ യോഗം വിളിച്ചത്.

*****************************

RNU TVPM

## ഐസർ

തിരുവനന്തപുരം IISER ന്റെ 12-ാമത് ബിരുദദാന ചടങ്ങ് നാളെ നടക്കും. കേന്ദ്ര സർക്കാറിന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവും പ്രധാനമന്ത്രിയുടെ ശാസ്ത്ര സാങ്കേതിക ഉപദേശക സമിതി അദ്ധ്യക്ഷനുമായ പ്രൊഫ.അജയ് കുമാർ സൂദ് വിതുരയിലെ കാമ്പസിൽ നടക്കുന്ന ചടങ്ങിൽ മുഖ്യാതിഥിയാകും.

*****************************

## വനിതാ ട്വൻറി-20

ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യാ കപ്പ് വനിതാ ട്വൻറി- 20 ക്രിക്കറ്റിലെ ഉദ്ഘാടനമത്സരത്തിൽ യുഎഇയെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി നേപ്പാൾ. യു.എ.ഇ ഉയർത്തിയ 115 റൺസ് വിജയലക്ഷ്യം നേപ്പാൾ 16.1 ഓവറിൽ മറികടന്നു. ഗ്രൂപ്പ് സ്റ്റേജിലെ രണ്ടാം മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. രാത്രി 7 നാണ് മത്സരം.

*****************************************************************************************